# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 13

# വാർത്താക്കുറിപ്പ്

## യു.ജി., പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ ജനുവരി 18 വരെ അപേക്ഷിക്കാം

യു.ജി., പി.ജി. പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷിക്കാനുള്ള തീയതി ജനുവരി 18 വരെ നീട്ടി. 3000 രൂപ സൂപ്പർ ഫൈനോടെ ഇന്നു (ജനുവരി 14) മുതൽ 18 വരെ അപേക്ഷിക്കാം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസടവ് സംബന്ധിച്ച അന്വേഷണങ്ങൾ techsupport@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കാം. വിശദവിവരത്തിന് ഫോൺ: 0481 2731325, 2733365, 2733681.

(പി.ആർ.ഒ/39/54/2020)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യൂ.(2018 അഡ്മിഷൻ റഗുലർ/2018 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ജനുവരി 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/55/2020)

## സൂക്ഷ്മപരിശോധന

2019 ഫെബ്രുവരിയിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.കോം പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ളവർ ജനുവരി 15 നും 17 നുമിടയിൽ ഹാൾട്ടിക്കറ്റ്/ഫോട്ടോപതിച്ച തിരിച്ചറിയൽ കാർഡുമായി പരീക്ഷ ഭവനിലെ ഇ.ജെ. 5 സെക്ഷനിൽ(റൂനമ്പർ 226) ഹാജരാകണം.

(പി.ആർ.ഒ/39/56/2020)

## എം.ജി. എം.ഫിൽ പ്രവേശനം; 16 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ എം.ഫിൽ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ജനുവരി 16 വരെ അപേക്ഷിക്കാം. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, ബയോസയൻസസ്, കെമിക്കൽ സയൻസസ്, എൻവയോൺമെന്റൽ സയൻസസ്, പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ്, ലെറ്റേഴ്സ്, ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ്, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ്, സോഷ്യൽ സയൻസസ്, പെഡഗോഗിക്കൽ സയൻസസ്, മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ്, കമ്പ്യൂട്ടർ സയൻസസ് എന്നീ പഠനവകുപ്പുകളിലെ വിവിധ എം.ഫിൽ പ്രോഗ്രാമുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. അപേക്ഷഫോമും വിജ്ഞാപനവും www.mgu.ac.in എന്ന വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാം. 800 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് രജിസ്ട്രേഷൻ ഫീസിന്റെ 50 ശതമാനം അടച്ചാൽ മതി. ഇ-പേയ്മെന്റിലൂടെയാണ് ഫീസടയ്ക്കേണ്ടത്

ഒരു പഠനവകുപ്പിലെ ഒന്നിലധികം പ്രോഗ്രാമിലേക്ക് അപേക്ഷിക്കുന്നവർ പ്രോഗ്രാമുകളുടെ മുൻഗണന രേഖപ്പെടുത്തി ഒരു അപേക്ഷ നൽകിയാൽ മതി. അവസാനവർഷ പരീക്ഷയുടെ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ മേൽവിലാസമെഴുതിയ അഞ്ചുരൂപയുടെ സ്റ്റാമ്പൊട്ടിച്ച കവർ കൂടി സമർപ്പിക്കണം. രജിസ്ട്രേഷൻ ഫീസിന്റെ ഇ-പേയ്മെന്റ് രസീതും ബന്ധപ്പെട്ട രേഖകളും സഹിതം പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട പഠനവകുപ്പിലെ ഡയറക്ടർക്ക് സമർപ്പിക്കണം.

അപേക്ഷിക്കുന്ന പ്രോഗ്രാമിന്റെ പേരും പഠനവകുപ്പിന്റെ പേരും അപേക്ഷ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് എഴുതണം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിലെ 'അഡ്മിഷൻസ്' വിഭാഗത്തിലെ 'എം.ഫിൽ' എന്ന ലിങ്കിൽ ലഭിക്കും. ഫോൺ: സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് - 0481-2731034, ബയോസയൻസസ് - 0481-2731035, കെമിക്കൽ സയൻസസ് - 0481-2731036, എൻവയോൺമെന്റൽ സയൻസസ് - 0481-2732120, 2620, പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് - 0481-2731043, ലെറ്റേഴ്സ് - 0481-2731041, ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് - 0481-2731039, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് - 0481-2731040, സോഷ്യൽ സയൻസസ് - 0481-2392383, പെഡഗോഗിക്കൽ സയൻസസ് - 0481-2731042, മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ് - 0481-2732288, കമ്പ്യൂട്ടർ സയൻസസ് - 0481-2731037.

(പി.ആർ.ഒ/39/57/2020)

## ഡോ. കെ. മാത്യു കുര്യന്റെ സ്മരണയിൽ എം.ജി.

# കേരളം കരുതലോടെ നീങ്ങണം: പി.കെ. മൈക്കിൾ തരകൻ

സാമൂഹിക വികസന മേഖലകളിൽ കേരളം നിർണായകമായ ചുവടുവെപ്പുകൾ നടത്തിയെങ്കിലും രാഷ്ട്രീയ-സാമ്പത്തിക മേഖലകളിൽ സംഭവിക്കുന്ന മാറ്റങ്ങൾ കരുതലോടെ നേരിടേണ്ടതുണ്ടെന്ന് സാമ്പത്തിക ചരിത്രകാരനും കേരള ചരിത്രഗവേഷണ കൗൺസിൽ ചെയർമാനുമായ പ്രൊഫ. പി.കെ. മൈക്കൾ തരകൻ. മഹാത്മാഗാന്ധി സർവകലാശാല സാമൂഹിക ശാസ്ത്രഗവേഷണ-അന്തർവൈജ്ഞാനിക കേന്ദ്രം പുല്ലരിക്കുന്ന് കാമ്പസിൽ നടത്തിയ ഡോ. കെ. മാത്യു കുര്യൻ അനുസ്മരണ സമ്മേളനത്തിന്റെ ഭാഗമായി 'പ്രാദേശിക വികസനം: കേരളത്തിന്റെ വെല്ലുവിളികൾ' എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ദാരിദ്ര്യ നിർമാർജനത്തിലും ലിംഗ സമത്വത്തിലും വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലും അപൂർവ നേട്ടങ്ങൾ കൈവരിച്ചു. കുടിയേറ്റം, നാണ്യവിള സമ്പത് വ്യവസ്ഥ, മത-സാമൂഹിക പരിഷ്കരണം, ഐക്യകേരള പ്രസ്ഥാനം തുടങ്ങിയ ഇതിനെ ചരിത്രപരമായി സ്വാധീനിച്ച ഘടകങ്ങളാണ്. എന്നാൽ അസമത്വം, വർധിച്ചുവരുന്ന പൊതുമാലിന്യം, ജാതി-മത പുനരുദ്ധാരണ പ്രസ്ഥാനങ്ങൾ തുടങ്ങിയവ വികസന പ്രശ്നങ്ങളെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നുണ്ടെന്ന് മൈക്കിൾ തരകൻ ചൂണ്ടിക്കാട്ടി.

നഗരകാര്യ നിർവഹണം ഗുരുതരമായ പ്രതിസന്ധിയിലേക്ക് നമ്മെ നയിക്കുന്നതായും മരട് ഫ്ളാറ്റ് സമുച്ചയങ്ങൾ പൊളിക്കേണ്ടിവന്ന സാഹചര്യം ഇതിന്റെ മകുടോദാഹരണമാണെന്നും മുഖ്യപ്രഭാഷണം നടത്തിയ സാമ്പത്തിക ശാസ്ത്രജ്ഞനും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഓണററി ഫെലോയുമായ പ്രൊഫ. എം.എ. ഉമ്മൻ പറഞ്ഞു. 'ചെറിയ ഭരണകൂടം, വലിയ ഭരണം' എന്ന മുദ്രാവാക്യം വിളിച്ചുകൊണ്ടുനീതിനിർവഹണം സത്യസന്ധവും സുതാര്യവുമായിരിക്കില്ല. സാമ്പത്തിക പരിഷ്കരണം ആത്യന്തികമായി കോടിശ്വരന്മാരുടെ എണ്ണം പതിന്മടങ്ങാക്കുകയാണ് ചെയ്തത്. കാര്യക്ഷമതയുടെ വക്താക്കൾക്ക് നീതിയുടെ കാര്യത്തിൽ ഒന്നും ചെയ്യാൻ സാധിക്കില്ലെന്നും അവരെ നയിക്കുന്നതും നിയന്ത്രിക്കുന്നതും കമ്പോളശക്തികളാണെന്നും അദ്ദേഹം സൂചിപ്പിച്ചു.

അനുസ്മരണ സമ്മേളനവും സംവാദവും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. പ്രൊഫ. വി. മാത്യു കുര്യൻ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് അംഗം അഡ്വ. പി.കെ. ഹരികുമാർ, അന്തർവൈജ്ഞാനിക കേന്ദ്രം ഓണററി ഡയറക്ടർ ഡോ. കെ.എം. സീതി, ഡോ. അഭിലാഷ് ബാബു എന്നിവർ പ്രസംഗിച്ചു. ജവാഹർലാൽ നെഹ്റു സർവകലാശാല സാമൂഹികശാസ്ത്ര വിഭാഗം അധ്യാപിക ഡോ. സൂസൻ വിശ്വനാഥൻ, സംസ്ഥാന ആസൂത്രണ സമിതിയംഗം ഡോ. ബി. ഇക്ബാൽ, സി.ഡി.എസ്. ഗവേഷകൻ ഡോ. കെ.കെ. ഈശ്വരൻ, നരവംശശാസ്ത്രജ്ഞ ഡോ. വിനീത മേനോൻ എന്നിവർ

പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സാമ്പത്തിക ശാസ്ത്രജ്ഞനും മുൻ രാജ്യസഭാംഗവും ഇന്ത്യൻ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിന്റെ സ്ഥാപക അധ്യക്ഷനുമായിരുന്ന ഡോ. കെ. മാത്യു കുര്യൻ.

## ഫോട്ടോ കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല സാമൂഹിക ശാസ്ത്രഗവേഷണ-അന്തർവൈജ്ഞാനിക കേന്ദ്രം പുല്ലരിക്കുന്ന് കാമ്പസിൽ നടത്തിയ ഡോ. കെ. മാത്യു കുര്യൻ അനുസ്മരണ സമ്മേളനവും സംവാദ പരിപാടിയും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു. ഭാഗമായി 'പ്രാദേശിക വികസനം: കേരളത്തിന്റെ വെല്ലുവിളികൾ' എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.**

(പി.ആർ.ഒ/39/58/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ